**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 513** **10-07-2024 - ൽ മറുപടിയ്ക്ക്**

**ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യർക്ക് സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും പ്രവൃത്തി പരിചയത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഹോണറേറിയത്തോടുകൂടി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്). ടി പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു.<br><br>എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, തുടങ്ങിയ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലും തൊഴിൽ നേടുന്നതിന് ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പേരെ വിവിധ ഓഫീസുകളിൽ ഓണറേറിയം നൽകി നിയമിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപെട്ട 5067 പേർക്ക് ഹോണറേറിയം വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട് 500(300 SC , 200 ST) എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികളെ അക്രഡിറ്റഡ് എഞ്ചിനീയർ മാരായും 1048 പേരെ (798 SC, 250 ST) നഴ്സിംഗ് പാരാമെഡിക്കൽ മേഖലയിലും, 114 MSW ബിരുദധാരികളെ (60 SC,54 ST) സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികളെ അപ്രന്റീസ് |

| | | | |
|---|---|---|---|
| | | | ക്ലർക്കുമാരായും 112 നിയമ ബിരുദധാരികളെ (87 SC, 25 ST) ലീഗൽ അസിസ്റ്റന്റ് തസ്തികയിലും നിയമിച്ചു.<br><br>ഇതിനുപുറമേ 2398 പേരെ (1216 SC, 1182 ST) പ്രമോട്ടർ തസ്തികയിലും നിയമിച്ചു. കൂടാതെ 140 മാനേജ്മെന്റ് ട്രെയിനീസ്, 49 സ്റ്റുഡന്റ്സ് കൗൺസിലർമാർ, 326 മെന്റർ ടീച്ചർമാർ എന്നിവരേയും ഹോണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഭാഗങ്ങളിലെ അഭ്യസ്തവിദ്യർക്ക് മെച്ചപ്പെട്ട വരുമാനവും തൊഴിലും ലഭിക്കാൻ അവസരമൊരുക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ സേവന മേഖലയിൽ കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു. |

സെക്ഷൻ ഓഫീസർ